Deepika 24.12.17

# കാർഷികോൽപന്ന സംസ്കരണം; മണ്ണുത്തിയിൽ അന്തർദേശീയ ശിൽപശാല

**സിംഗപ്പൂർ, തായ്‌ലൻഡ്, ശ്രീലങ്ക, ഇന്തോനേഷ്യ തുടങ്ങി ഇരുപതോളം രാജ്യങ്ങളിൽനിന്നുള്ള ഗവേഷകർ, പ്രതിനിധികൾ, കർഷകർ എന്നിവർ ശില്പശാലയിൽ പങ്കെടുക്കും.**

തൃശൂർ: കാർഷികോത്പന്ന സംസ്കരണം, മൂല്യവർധന ആസ്പദമാക്കി സംസ്ഥാന കൃഷി വകുപ്പ് സംഘടിപ്പിക്കുന്ന രണ്ടാമത് അന്തർദേശീയ ശിൽപശാലയും പ്രദർശനവും - വൈഗ-2017 27 മുതൽ 31 വരെ വെള്ളാനിക്കര കാർഷിക സർവകലാശാല ആസ്ഥാനത്തു നടക്കുമെന്നു കൃഷി മന്ത്രി വി.എസ്. സുനിൽകുമാർ പത്രസമ്മേളനത്തിൽ അറിയിച്ചു.

സംസ്ഥാന കൃഷിവകുപ്പ്, കേരള കാർഷിക സർവകലാശാല എന്നിവ സംയുക്തമായാണ് ശില്പശാല സംഘടിപ്പിക്കുന്നത്. നാളികേരം, വാഴപ്പഴം, തേൻ, ചെറുധാന്യങ്ങൾ എന്നിവ വിഷയമാക്കിയാണ് വൈഗ നടത്തുന്നത്.

സിംഗപ്പൂർ, തായ്‌ലൻഡ്, ശ്രീലങ്ക, ഇന്തോനേഷ്യ തുടങ്ങി ഇരുപതോളം രാജ്യങ്ങളിൽനിന്നുള്ള ഗവേഷകർ, പ്രതിനിധികൾ, കർഷകർ എന്നിവർ ശില്പശാലയിൽ പങ്കെടുക്കും. മാരികോ ലിമിറ്റഡ്, നിഫ്റ്റെം, അപെഡാ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് പ്രോസസിംഗ് ടെക്നോളജി തഞ്ചാവൂർ, കോക്കനട്ട് ബോർഡ്, സി പി സി ആർ ഐ, തമിഴ്നാട് ഗ്രോവേർഡ് ഫെഡറേഷൻ, ഐസിഎആർ തുടങ്ങി ഭക്ഷ്യസംസ്കരണ മേഖലയിലെ സർക്കാർ, പൊതുമേഖലാസ്ഥാപനങ്ങൾ, കർഷകസംഘടനകൾ, സ്വകാര്യസ്ഥാപനങ്ങൾ എന്നിവയെല്ലാം ശില്പശാലയുടെ ഭാഗമാകും. മറ്റു സംസ്ഥാനങ്ങളിലെ കാർഷിക സർവകലാശാലകളും പങ്കെടുക്കും. വിദ്യാർഥികൾക്കായി ക്വിസ് മത്സരം, പ്രസംഗം, പെയിന്റിംഗ് തുടങ്ങിയവയും നടത്തും. വിദ്യാർത്ഥികൾക്കു കുടുംബസമേതം പ്രദർശനം കാണുന്നതിന് അതാത് സ്കൂൾ മുഖാന്തിരം സൗകര്യം ഒരുക്കിയിട്ടുണ്ട്. യുവ കർഷകസംഗമവും ഇതോടനുബന്ധിച്ച് നടക്കും.

കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ അഗ്രോ പാർക്ക് തുടങ്ങുമെന്നു മന്ത്രി പറഞ്ഞു.

ശില്പശാലയുടെ ഉദ്ഘാടനം 27 നു രാവിലെ 10ന് ഗവർണർ പി. സദാശിവം നിർവഹിക്കും. മന്ത്രി സി.രവീന്ദ്രനാഥ്, കെ.രാജൻ എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് തുടങ്ങിയവരും പങ്കെടുക്കും.